LIBRARY ARCHIVES Kerala Legislative Assembly

(ഡി) കോവിഡിന്റെ പശ്ചാത്തലത്തിൽ ചെറുകിട വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി കണക്കിലെടുത്ത് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ പ്രത്യേക വായ്പ പാക്കേജ് ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ കോവിഡിന്റെ പശ്ചാത്തലത്തിൽ ചെറുകിട വ്യവസായ മേഖലയെ സഹായിക്കുവാനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) കെ.എഫ്.സി വായ്പകൾക്ക് RBI നിബന്ധനകൾക്ക് വിധേയമായുള്ള മൊറട്ടോറിയവും തിരിച്ചടവ് പുന:ക്രമീകരണവും.

2) പ്രതിസന്ധിയിലായ ടൂറിസം, ചെറുകിട മേഖലകളിലെ വ്യവസായങ്ങൾക്ക് 20% അധിക വായ്പ.

3) കോവിഡ് പ്രതിരോധ ഉത്പന്ന നിർമ്മാണ സ്ഥാപനങ്ങൾക്ക് 90% വരെ വായ്പ.

4) ചെറുകിട വ്യവസായം, ആരോഗ്യ പരിപാലനം, ടൂറിസം മേഖലയിലെ യൂണിറ്റുകളുടെ കുറഞ്ഞ പലിശ 9.5 ശതമാനത്തിൽനിന്ന് 8 ശതമാനമായി കുറച്ചു. ഉയർന്ന പലിശ നിരക്ക് 12 ശതമാനത്തിൽനിന്ന് 10.50 ശതമാനമായി കുറച്ചു.

5) സ്റ്റാർട്ടപ്പുകൾക്ക് 10 കോടി വരെ വായ്പ.

6) വ്യവസായ എസ്റ്റേറ്റിലെ യൂണിറ്റുകൾക്ക് പ്രത്യേക വായ്പാ പദ്ധതി.

സ്റ്റാമ്പ്, മുദ്രപത്രം, വെണ്ടർ ലൈസൻസ് എന്നിവ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

93(5252) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാമ്പ്, മുദ്രപത്രം, വെണ്ടർ ലൈസൻസ് എന്നിവ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ജില്ലാ കളക്ടർ അദ്ധ്യക്ഷനായും, ജില്ലാ രജിസ്ട്രാർ (ജനറൽ), ജില്ലാ ട്രഷറി ഓഫീസർ എന്നിവർ അംഗങ്ങളായുള്ള കമ്മിറ്റിയാണ് വെണ്ടർമാരെ നിയമിക്കുന്നത്. രണ്ട് സ്റ്റാമ്പ് വെണ്ടർമാരുടെ ഓഫീസുകൾ തമ്മിലുള്ള ഏറ്റവും കുറഞ്ഞ ദൂരം കോർപ്പറേഷൻ പ്രദേശം രണ്ട് കിലോമീറ്റർ, മുനിസിപ്പാലിറ്റി പ്രദേശം നാല് കിലോമീറ്റർ, പഞ്ചായത്ത് പ്രദേശം എട്ട് കിലോമീറ്റർ എന്നിങ്ങനെയാണ്. സംസ്ഥാനത്ത് എവിടെയെങ്കിലും സ്റ്റാമ്പ് വെണ്ടർ ലൈസൻസോ ആധാരമെഴുത്ത്

LIBRARY ARCHIVES Kerala Legislative Assembly

ലൈസൻസോ ഉള്ളവർക്ക് സ്റ്റാമ്പ് വെണ്ടർ ലൈസൻസിന് അപേക്ഷിക്കാൻ അർഹതയില്ല. ഒഴിവ് വിജ്ഞാപനം നടത്തുന്ന വർഷം ജനുവരി 1-ന് 18 വയസ്സ് പൂർത്തിയാകാത്തവർക്കും, 60 വയസ്സ് പൂർത്തിയായവർക്കും, എസ്.എസ്.എൽ.സി.-യോ തത്തുല്യ പരീക്ഷയോ ജയിക്കാത്തവർക്കും സ്റ്റാമ്പ് വെണ്ടർ ലൈസൻസിന് അപേക്ഷിക്കാൻ അർഹതയില്ല.

(ബി) നിലവിൽ സ്റ്റാമ്പ് വെണ്ടർ ലൈസൻസിയായ ഒരാൾക്ക് ലൈസൻസ് കൈമാറ്റം ചെയ്യാൻ സാധിക്കുമോ എന്നറിയിക്കാമോ?

സാധിക്കുകയില്ല.

(സി) സ്റ്റാമ്പ് വെണ്ടർ ലൈസൻസുള്ള ഉടമസ്ഥന് ഇത് മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാൻ സാധിക്കുമെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ബാധകമല്ല.

കാസർഗോഡ് ജില്ലയിലെ സ്റ്റാമ്പ് വെണ്ടർമാർ

94(5253) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര സ്റ്റാമ്പ് വെണ്ടർമാരുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

ആകെ 15 വെണ്ടർമാരാണ് നിലവിലുള്ളത്. ഗ്രാമപഞ്ചായത്ത് തലത്തിൽ:- ചെങ്കള- 3, ബദിയഡുക്ക- 1, തൃക്കരിപ്പൂർ- 1, ബളാൽ-1, മഞ്ചേശ്വരം-2, ഉദുമ-1, കുമ്പള-1 മുനിസിപ്പാലിറ്റി തലത്തിൽ:- കാസർഗോഡ്-1, നീലേശ്വരം-2, കാഞ്ഞങ്ങാട്-2.

(ബി) ഏത് പഞ്ചായത്തിലെ ഏത് വെണ്ടറാണ് ഏറ്റവും കൂടുതൽ വ്യവഹാരം നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

കൂടുതൽ മുദ്രയും മുദ്രപ്പത്രങ്ങളും വ്യവഹാരം നടത്തുന്നത് ചെങ്കള പഞ്ചായത്തിൽ കാസറഗോഡ് സബ് ട്രഷറിയുടെ പരിധിയിലുള്ള സ്റ്റാമ്പ് വെണ്ടർ ശ്രീ. ഗോകുലനായ്ക് കെ. ആണ്.

(സി) സ്റ്റാമ്പ് വെണ്ടറിനായി അപേക്ഷിച്ച എല്ലാപേർക്കും അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി അനുമതി നൽകാൻ ബാക്കിയുള്ളവർ ആരാണെന്നും കാലതാമസത്തിന് കാരണമെന്താണെന്നും വ്യക്തമാക്കാമോ?